(ബി) ബാധകമല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) പരിശോധനയിൽ ആവശ്യം ഉചിതമാണെന്ന് കാണുകയും വാടക കൂടാതെ സ്ഥല സൗകര്യം ലഭ്യമാകുകയും ചെയ്യുമെങ്കിൽ പരിഗണിക്കാവുന്നതാണ്.

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി സബ് സ്റ്റേഷനുകൾ

81 [1203] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ 2001 മേയ് മാസത്തിനുശേഷം നാളിതുവരെയായി എത്ര വൈദ്യുതി സബ് സ്റ്റേഷനുകൾ പുതുതായി പ്രവർത്തനം ആരംഭിച്ചുവെന്നും ഇപ്പോൾ പ്രവർത്തന പുരോഗതിയിലുള്ള സബ് സ്റ്റേഷനുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) ഇക്കാലയളവിൽ പ്രസ്തുത മണ്ഡലത്തിലെ വിവിധ സെക്ഷൻ ഓഫീസ് പരിധിയിൽ പുതുതായി എത്ര വൈദ്യുതി കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) അവിടെ ഏതെല്ലാം സിംഗിൾ ഫേയ്സ് ലൈനുകൾ ത്രീ ഫേയ്സ് ലൈനാക്കി മാറ്റിയെന്നും ദൈർഘ്യമെത്രയെന്നും എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചെന്നും എവിടെയെല്ലാമാണെന്നും ഇപ്പോൾ അംഗീകാരം ലഭിച്ചതും ഉടൻ നടപ്പിലാക്കുവാൻ കഴിയുന്നതുമായ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ 2001 മേയ് മാസത്തിനുശേഷം താഴെപ്പറയുന്ന സബ് സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തു.

1. 110 കെ.വി. സബ് സ്റ്റേഷൻ, ഏഴിമല.
2. 33 കെ.വി. സബ് സ്റ്റേഷൻ, പരിയാരം.

ഇപ്പോൾ പ്രവർത്തന പുരോഗതിയിലുള്ളത് 33 കെ.വി. സബ് സ്റ്റേഷൻ, പയ്യന്നൂർ ടൗൺ ആണ്.

(ബി) ഇക്കാലയളവിൽ പ്രസ്തുത മണ്ഡലത്തിൽ പുതുതായി 20,022 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(സി) കല്ലേറ്റുകടവ്, മൂശാരികോവിൽ, കണ്ടൻകുളങ്ങര, മാത്തിൽ, കടന്നപ്പള്ളി, വെള്ളോറ, ഗാന്ധി മൈതാനം, ഏഴിമല, മാട്ടുമ്മൽകളരി, തലായി, വടത്തൂർ, കിസാൻകോവിൽ, എം.വി. റോഡ്, അനൂർ, കൊടക്കത്തറ, കുറ്റൂർ, ഓലയമ്പാടി, എരമം (സൗത്ത്) തുടങ്ങിയ സ്ഥലത്തെ സിംഗിൾ ഫെയ്സ് ലൈനുകൾ ത്രീ ഫെയ്സ് ലൈനുകൾ ആക്കി മാറ്റിയിട്ടുണ്ട്. അവയുടെ ദൈർഘ്യം 31.836 കി.മീ. ആണ്.

LIBRARY ARCHIVES Kerala Legislative Assembly

26 ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിച്ചിട്ടുണ്ട്. അവ സ്ഥാപിച്ച സ്ഥലങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

കല്ലേറ്റിൻ കടവ്, കുറ്റൂർ-വെള്ളോറ, മുശാരി-കൊവ്വൽ, മല്ലം (എടാട്ട്), കുറുങ്കടവ്, ആലക്കാട്, വില്ലേജ് ഓഫീസ് പയ്യന്നൂർ, എടാട്ട്, ജവഹർ വായനശാല വെള്ളൂർ, മാത്തിൽ പുതിയ റോഡ്, ആനൂർ, കടന്നപ്പള്ളി, വെള്ളോറ-കോയിപ്ര, കൊക്കാട്, ചെറുവിച്ചേരി, കണ്ടങ്കാളി മന, വീവേഴ്സ് സ്ട്രീറ്റ് പയ്യന്നൂർ, കണ്ടങ്കാളി (ഈസ്റ്റ്), ഗാന്ധി മൈതാനം, കാനായി സ്കൂൾ, മുതിയലം, മുണ്ടവളപ്പ്, കോറോം-മുച്ചിലോട്, മുക്കോട്ട്, കൊമ്രേഡ് ക്ലബ്ബ്, പെരുമ്പ കെ.എസ്.ആർ.ടി.സി. ജംഗ്ഷൻ.

35 വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കുകൾ പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാനുണ്ട്.

അവ കണ്ടംകുളങ്ങര സെൻട്രൽ യു.പി. സ്കൂൾ ഏരിയ, ഗാന്ധി മൈതാനം, കല്ലംവള്ളി, ചിറ്റാരികൊവ്വൽ, മല്ലിയോട്, കുന്നിന് കിഴുക്കുതലായി, പുതിയ പുഴക്കര-തെക്കുമ്പാട്, പറമ്പത്ത്-ഫോർസെന്റ് കോളനി, തെക്കുമ്പാട്-തെക്കേവയര ഏരിയ, തെക്കുമ്പാട് റേഷൻഷോപ്പ്-കണ്ടംകുളങ്ങര വീവേഴ്സ് സൊസൈറ്റി, പ്രതിഭാ ടാക്കീസ് ഏരിയ, കുണ്ടായി ഇട്ടുമ്മൽ, ഒറന്നിടത്തുചാൽ, ശിവാ ടെമ്പിൾ വിളയാക്കോട്, ചൈനാക്ലേ, ചിറ്റന്നൂർ ഈസ്റ്റ്, ചിറ്റന്നൂർ ശ്രീകൃഷ്ണാ ടെമ്പിൾ, കൈരളി നഗർ, എലാത്തറ, കൊളപ്രം, പടന്നപ്രം, വെള്ളച്ചാൽ, തലക്കോടത്ത്, അടുത്തില (ഈസ്റ്റ്), ചുമടുതാങ്ങി-പെരിയാട്, വിരഞ്ഞിറ ശ്രീസ്ഥാ, ചിങ്ങളം-മണിയറ, തെന്നംമാവുള്ള പൊയിൽ കടന്നപ്പള്ളി, ചെറുവിച്ചേരി, മണിയറ-പൂമാപക്കാവ്, പൊന്നച്ചേരി, കടന്നപ്പള്ളി, ആലിമുക്ക്, പാലുവള്ളി, വിളയാക്കോട്-കടന്നപ്പള്ളി.

ഇതിൽ 4 വർക്കുകൾ നടപ്പിലാക്കി വരുന്നു. അവ ഒറന്നിടത്തു ചാൽ, ചൈനാക്ലേ, ചെങ്ങളം-മണിയറ റോഡ്, തെന്നംമാവുള്ള പൊയ്യിൽ.

മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ആർ.ജി.ജി.വി.വൈ. പദ്ധതി

82 [1204] ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ആർ.ജി.ജി.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾ നടത്താനാണ് ഉദ്ദേശിക്കുന്നത് ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര രൂപ വീതമാണ് വകയിരുത്തിട്ടുള്ളത് :

(സി) ഈ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ആർ.ജി.ജി.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതീകരണ പ്രവൃത്തികൾ നടത്താൻ ഉദ്ദേശിക്കുന്ന പ്രദേശങ്ങളുടെ ലിസ്റ്റ് അനുബന്ധമായി വയ്ക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly